# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4946 24.07.2015 - ൽ മറുപടിയ്ക്ക്

**<u>മുല്ലപ്പെരിയാർ അണക്കെട്ടിന് തീവ്രവാദി ഭീഷണി</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. കെ. അജിത്<br>ശ്രീ. ചിറ്റയം ഗോപകുമാർ | | **ശ്രീ. പി. ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിന് പാക് ഭീകര സംഘടനകളുടെ ഭീഷണിയുള്ളതായി റിപ്പോർട്ടുകളുണ്ടോ; | (എ) | കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ 2014 സെപ്റ്റംബർ 16 മുതൽ 18 വരെയുള്ള തീയതികളിൽ മുല്ലപ്പെരിയാർ അണക്കെട്ടിലും പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലും നടത്തിയ സുരക്ഷാ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് **<u>റിപ്പോർട്ടിലെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്.</u>** അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും വേണമെന്ന കാര്യം പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ കേന്ദ്ര സേനയെ ഏല്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത സംബന്ധിച്ച അഭിപ്രായം വെളിപ്പെടുത്തുമോ? | (ബി) | ഉണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കായി CISF - നെ നിയോഗിക്കുന്നതിനു കേന്ദ്ര സർക്കാരിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് 19.11.2014-ൽ തമിഴ്നാട് സുപ്രീം കോടതിയിൽ ഒരു I.A (No. 25/2014) ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ ഡാമിന്റെ സുരക്ഷ സംബന്ധിച്ച വിഷയം കേരള സംസ്ഥാനത്തിൽ നിക്ഷിപ്തമാണെന്നും അത് യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നിർവഹിക്കുമെന്നും ഉള്ള നിലപാട് കേരളം സുപ്രീം കോടതിയെ അറിയിച്ചിട്ടുമുണ്ട്. ഈ വിഷയം ഇപ്പോൾ ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്. |

മുല്ലപ്പെരിയാറിലെ സുരക്ഷാ ജോലികൾക്കായി കേന്ദ്രസേനയെ (CISF-നെ) നിയോഗിക്കേണ്ട ആവശ്യമില്ലെന്നും പ്രസ്തുത ജോലികൾ കേരളാ പോലീസ് തന്നെ ചെയ്യുന്നതാണ് ഉത്തമമെന്നും ഉള്ള വിവരങ്ങൾ ബഹു.കേന്ദ്ര ആഭ്യന്തര വകുപ്പു മന്ത്രിയേയും കേന്ദ്ര സർക്കാരിനെയും അറിയിക്കാനുള്ള നടപടിയും ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക പോലീസ് സ്റ്റേഷൻ സ്ഥാപിക്കും. ഇതിനായി ഒരു അസിസ്റ്റന്റ് കമാൻഡന്റിന്റേതുൾപ്പെടെ 124 തസ്തികകളും ഇവിടേക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനു 85 ലക്ഷം രൂപ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**